9) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി - 10 ലക്ഷം രൂപ

10) വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി - 200 ലക്ഷം രൂപ

11) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും - 550 ലക്ഷം രൂപ

12) പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി - 150 ലക്ഷം രൂപ

13) നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപനം (പുതിയ പദ്ധതി) - 1000 ലക്ഷം രൂപ

14) കാഞ്ഞിരോട് കൈത്തറി ഗ്രാമം /ഹാൻഡ് ലൂം വില്ലേജ് (പുതിയ പദ്ധതി) - 50 ലക്ഷം രൂപ ആകെ - 3145 ലക്ഷം രൂപ.

**കുളത്തൂർ പവ്വർലൂം ഫാക്ടറിക്ക് അനുവദിച്ച ഫണ്ട്**

155(5314) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂരിൽ പ്രവർത്തിക്കുന്ന പവർലൂം ഫാക്ടറിക്ക് 2016 ജനവരി മുതൽ 2021 മാർച്ച് വരെ ഏതൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ടനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

കുളത്തൂർ പവർലൂം ഫാക്ടറി എന്ന സ്ഥാപനം ഇപ്പോൾ അറിയപ്പെടുന്നത് നെയ്യാറ്റിൻകര ഇന്റഗ്രേറ്റഡ് പവർലൂം, കാരോട് എന്നാണ്. പ്രസ്തുത സ്ഥാപനത്തിന് മോഡണൈസേഷൻ ഓഫ് പവർലൂം പദ്ധതിയുടെ കീഴിൽ 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 5,00,000 രൂപയും 10,00,000 രൂപയും ആകെ 15,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പവർലൂം ഫാക്ടറിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2021-22 കാലയളവിലേയ്ക്ക് പുതിയതായി തുക അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly